ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.05.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ-ഇറ്റലി ബന്ധം തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇറ്റാലിയൻ പ്രധാനമന്ത്രി, പ്രസിഡൻറ് എന്നിവരുമായി ചർച്ച നടത്തി.

   **PM Narendra Modi announces elevation of India-Italy ties to Special Strategic Partnership after talks with Italian PM and President.**

2. യു.എൽ.പി.ജി മിസൈലിന്റെ അന്തിമ വികസന പരീക്ഷണങ്ങൾ വിജയകരമായി പൂർത്തിയാക്കി ഡി.ആർഡി.ഒ. അഭിനന്ദിച്ച് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്.

   **DRDO successfully completes final development trials of ULPG – V3 missile; Defence Minister Rajnath Singh extends congratulations.**

3. സെൻസസിന്റെ ഭാഗമായി ജാതി സെൻസസ് നടത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനം ചോദ്യം ചെയ്യുള്ള ഹർജി സുപ്രീം കോടതി തള്ളി.

   **Supreme Court rejects petition challenging Centre's decision to undertake caste enumeration.**

4. കേരളത്തിൽ മന്ത്രിമാരുടെ വകുപ്പുകൾ നിശ്ചയിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറത്തിറക്കി. മുഖ്യമന്ത്രി വി.ഡി. സതീശൻ ധനകാര്യം, നിയമം തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്യും. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പ് മന്ത്രി.

**Kerala Cabinet portfolios notified: CM V.D. Satheesan to handle finance and law; Ramesh Chennithala gets Home portfolio.**

5. **ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥകളിലൊന്നായി ഇന്ത്യ തുടരുമെന്ന് യു.എൻ റിപ്പോർട്ട് .**

**India sets to remain the world's fastest-growing major economy: UN report.**

6. **ഐപിഎൽ ക്രിക്കറ്റിൽ ടോസ് നേടിയ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് മുംബൈ ഇന്ത്യൻസിനെ ബാറ്റിങ്ങിനയച്ചു.**

**In IPL Cricket Kolkata Knight Riders win toss and opt to bowl against Mumbai Indians.**

## PREZ- IAS OFFICER

യുക്തിബോധത്തോടൊപ്പം കാരുണ്യവും ചേർത്തുപിടിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. 2024 ബാച്ച് ഐ എ എസ് ഉദ്യോഗസ്ഥരുമായി രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തുകയായിരുന്നു ശ്രീമതി മുർമു. രാജ്യ താല്പര്യത്തിന് മുൻഗണന നൽകി പ്രവർത്തിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു.

## PM ITALY (INTRO)

ഇന്ത്യ-ഇറ്റലി ബന്ധം തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇറ്റാലിയൻ പ്രധാനമന്ത്രി ജിയോർജിയ മെലനിയുമായി നടത്തിയ പ്രതിനിധിതല ചർച്ചകൾക്ക് ശേഷം സംയുക്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ-ഇറ്റലി പ്രതിരോധ വ്യാവസായിക രൂപരേഖ, സൈനിക സാമഗ്രികളുടെ സംയുക്ത വികസനത്തിനും ഉൽപ്പാദനത്തിനും വഴിയൊരുക്കിയതായും ശ്രീ മോദി അഭിപ്രായപ്പെട്ടു.

**(വോയിസ്.......... )**

ഇന്ത്യ- ഇറ്റലി ബന്ധം ശക്തിപ്പെടുത്തുക, വ്യാപാരം, നിക്ഷേപം, സാങ്കേതിക വിദ്യ, പ്രതിരോധം തുടങ്ങിയ മേഖലകളിലെ പങ്കാളിത്തം വിപുലീകരിക്കുക

ഉൾപ്പെടെയുള്ള വിഷയങ്ങളും ഇരുവരും ചർച്ച ചെയ്തു. രണ്ട് രാജ്യങ്ങളും

തമ്മിലുള്ള സൗഹൃദം ബഹുമാനത്തിലും പരസ്പര വിശ്വാസത്തിലും അധിഷ്ഠിത മാണെന്ന് ജിയോർജിയ മെലനി പറഞ്ഞു. വിവിധ തന്ത്രപ്രധാന മേഖലകളിൽ ഇരു രാജ്യങ്ങളും യോജിച്ചു പ്രവർത്തിക്കുമെന്നും ഇറ്റാലിയൻ പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. നേരത്തെ പ്രസിഡന്റ് സെർജോ മാറ്ററെല്ലയുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തിയിരുന്നു.

## DRDO MISSILE TRAIL

യു.എൽ.പി.ജി- വി 3 മിസൈലിന്റെ അന്തിമ വികസന പരീക്ഷണങ്ങൾ വിജയകരമായി പൂർത്തിയാക്കി ഡി.ആർഡി.ഒ. ആന്ധ്രപ്രദേശിലെ കുർണൂലിനടുത്തായിരുന്നു പരീക്ഷണം. പൂർണമായും തദ്ദേശീയമായിട്ടാ യിരുന്നു നിർമ്മാണം. പരീക്ഷണവിജയത്തിൽ ഡി ആർ ഡി ഒ - യേയും, നിർമാണത്തിൽ പങ്കാളികളായ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളേയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു.

## RAJNATH- LEE YONG-CHUL

ദക്ഷിണ കൊറിയൻ പ്രതിരോധ മന്ത്രി ലീയോങ്-ചുളുമായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് തലസ്ഥാനമായ സിയോളിൽ കൂടിക്കാഴ്ച നടത്തി. സംയുക്ത വികസനം, ഉൽപ്പാദനം, കയറ്റുമതി ഉൾപ്പെടെ രണ്ട് രാജ്യങ്ങ ളുടെയും നൂതനാശയങ്ങൾ സമന്വയിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഇരു നേതാക്കളും ചർച്ച ചെയ്തു.

## SC : CAST ENUMERATION

സെൻസസിന്റെ ഭാഗമായി ജാതി സെൻസസ് നടത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനം ചോദ്യം ചെയ്തുള്ള ഹർജി സുപ്രീം കോടതി തള്ളി. വിഷയം സർക്കാരിന്റെ നയപരമായ തീരുമാനങ്ങളുടെ പരിധിയിൽ വരുന്നതാണെന്ന് വ്യക്തമാക്കിയ കോടതി പിന്നാക്ക വിഭാഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ രൂപീകരിക്കുന്നതിന് അവരുടെ ജനസംഖ്യ എത്രയെന്ന് അറിയേണ്ടതുണ്ടെന്നും നിരീക്ഷിച്ചു. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

## CORE INDUSTRY

രാജ്യത്തെ എട്ട് പ്രധാന വ്യവസായ മേഖലകളുടെ സംയുക്തസൂചികാവളർച്ച 1.7 ശതമാനമായി ഉയർന്നതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം. കഴിഞ്ഞ മാസം വരെയുള്ള കണക്കുകൾ പ്രകാരമാണ് ഇത്. സിമന്റ് ഉത്പാദനം 9.4 ശതമാനവും , സ്റ്റീൽ ഉത്പ്പാദനം 6.2 ശതമാനവും, വൈദ്യുതി ഉത്പ്പാദനം 4.1 ശതമാനവുമാണ് ഉയർന്നത്.

## INDIA ECONOMY - UN REPORT

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ് വ്യവസ്ഥ കളിലൊന്നായി ഇന്ത്യ തുടരുമെന്ന് യു.എൻ റിപ്പോർട്ട് . ഇറാൻ സംഘർഷം മൂലമുള്ള ആഗോള അനിശ്ചിതത്വത്തിനിടെയും, ഈ വർഷം ഇന്ത്യ 6.4 ശതമാനം കൈവരിക്കുമെന്ന് യുഎൻ മുതിർന്ന സാമ്പത്തിക വിദഗ്ദ്ധൻ ഇംഗോ പിറ്റെർലെ വ്യക്തമാക്കി . ഇന്ത്യയുടെ വൈവിധ്യ ഊർജ്ജ സ്രോതസ്സുകൾ, ശുദ്ധീകരണ ശേഷി, വിദേശനാണ്യ കരുതൽ ശേഖരം എന്നിവ എണ്ണവില ഉയരുന്നതിന്റെ ആഘാതം കുറയ്ക്കാൻ സഹായിക്കുമെന്നും യുഎൻ റിപ്പോർട്ട് ചൂണ്ടിക്കാട്ടി.

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ സമർപ്പിക്കാം. നിർദേശങ്ങൾ ഈ മാസം 29 വരെ സ്വീകരിക്കും.

## CABINET- VARIOUS DEPT (INTRO)

കേരളത്തിൽ മന്ത്രിമാരുടെ വകുപ്പുകൾ നിശ്ചയിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറത്തിറക്കി. വകുപ്പു വിഭജനത്തിനായുള്ള ശുപാർശ ഇന്ന് മുഖ്യമന്ത്രി ഗവർണർക്കു സമർപ്പിച്ചിരുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി**

(VOICE)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# CABINET MEETING

സിൽവർ ലൈൻ പദ്ധതി റദ്ദാക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. മന്ത്രിസഭായോഗത്തിന് ശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി വി ഡി സതീശനാണ് ഇക്കാര്യം അറിയിച്ചത്. സിൽവർ ലൈനുമായി ബന്ധപ്പെട്ട എല്ലാ വിജ്ഞാപനങ്ങളും റദ്ദാക്കും. 2026 ഓഗസ്റ്റ് 31-നകം കാലാവധി അവസാനിക്കുന്ന എല്ലാ പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെയും കാലാവധി നവംബർ 30 വരെ നീട്ടാൻ പി എസ് സിയ്ക്ക് ശുപാർശ ചെയ്യാനും മന്ത്രിസഭ തീരുമാനിച്ചു. യു.ഡി.എഫ് പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നിറവേറ്റാൻ 'വിഷൻ 2031' പദ്ധതി നടപ്പാക്കാനും തീരുമാനമായി. ചികിത്സ പിഴവിനെ തുടർന്ന് മരിച്ച കൊല്ലം സ്വദേശി വേണുവിൻറെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ ധനസഹായം നൽകാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# G SUDHAKARAN-OATH

16-ാാം കേരള നിയമസഭയിലെ നിയുക്ത എംഎൽഎമാരുടെ സത്യപ്രതിജ്ഞ നാളെ നടക്കും. പ്രോ ടെം സ്പീക്കർ ജി സുധാകരൻ സത്യപ്രതിജ്ഞ ചടങ്ങുകൾക്ക് നേതൃത്വം നൽകും. ലോക് ഭവനിൽ ഗവർണർ മുൻപാകെ, ഇന്ന് രാവിലെ നടന്ന ചടങ്ങിലാണ് ജി.സുധാകരൻ പ്രോ ടെം സ്പീക്കറായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റത്. മുഖ്യമന്ത്രി വി ഡി സതീശൻ, മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. മറ്റന്നാളാണ് സ്പീക്കർ തിരഞ്ഞെടുപ്പ്. സ്പീക്കറായി തിരുവഞ്ചൂർ രാധാകൃഷ്ണനെയും, ഡെപ്യൂട്ടി സ്പീക്കറായി ഷാനിമോൾ ഉസ്മാനെയുമാണ് യുഡിഎഫ് പരിഗണിക്കുന്നത്. ഈ മാസം 29 -നാണ് നിയമസഭയിൽ ഗവർണറുടെ നയപ്രഖ്യാപനം. ജൂൺ 1 മുതൽ 3 വരെയുള്ള ദിവസങ്ങളിൽ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# IPL

ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - മുംബൈ ഇന്ത്യൻസ് മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - മുംബൈ ഇന്ത്യൻസിനെ ബാറ്റിങ്ങിനയച്ചു. കൊൽക്കത്തയിലാണ് മത്സരം.

## WEATHER -KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരളം ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്തും ഇന്ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ല. മുന്നൊരുക്കങ്ങളുടെ ഭാഗമായി ദേശീയ ദുരന്ത നിവാരണ സേനയുടെ എട്ട് സംഘങ്ങളെ സംസ്ഥാനത്ത് വിന്യസിച്ചിട്ടുണ്ട്.

## MALANKARA DAM

കാലവർഷ മുന്നൊരുക്കങ്ങളുടെ ഭാഗമായി, മലങ്കര ഡാമിൽ അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തുന്നതിനാൽ ഡാമിന്റെ ഷട്ടറുകൾ ഘട്ടം ഘട്ടമായി തുറക്കുമെന്ന് എറണാകുളം ജില്ലാ ദുരന്തനിവാരണ അതോറിറ്റി. കനാൽ വഴിയുള്ള ജലവിതരണം ഇന്ന് മുതൽ നിർത്തിവെക്കും. പുഴക്കരകളിൽ താമസിക്കുന്നവരും പൊതുജനങ്ങളും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണം.

## IMD-WEATHER

രാജ്യത്തെ വടക്കു പടിഞ്ഞാറൻ- മധ്യ മേഖലയിൽ ഉഷ്ണ തരംഗത്തിനോ തീവ്ര ഉഷ്ണ തരംഗത്തിനോ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഡൽഹി, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ്, ഒഡീഷ, ഛത്തീസ്ഗഢ്, രാജസ്ഥാൻ, തെലങ്കാന, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ അടുത്ത നാല് ദിവസം ഉഷ്ണതരംഗ സാധ്യത പ്രവചിച്ചിട്ടുണ്ട്. അതേസമയം കേരളത്തിന് പുറമേ അസം, മേഘാലയ, മാഹി, പശ്ചിമബംഗാളിലെ ഹിമാലയൻ മേഖല, സിക്കിം, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ, ആൻഡമാൻ നിക്കോബർ ദ്വീപുകൾ എന്നിവിടങ്ങളിൽ നാളെ ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്.

## MILMA PRICE

സംസ്ഥാനത്ത് മിൽമ പാൽ ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചു. ജൂൺ ഒന്നു മുതൽ വില വർധന നിലവിൽ വരും. മിൽമ ഡയറക്ടർ ബോർഡാണ് തീരുമാനം കൈക്കൊണ്ടത്. 4 രൂപ വില വർധിക്കുമ്പോൾ കർഷകന് 3 രൂപ 35 പൈസയും, പാൽ സൊസൈറ്റിക്ക് 25 പൈസയും ലഭിക്കും.